# തിരുവനന്തപുരം ജില്ലാകളക്ടറുടെ നടപടിക്രമം
## (ഹാജർ ഡോ.കെ.വാസുകി ഐ.എ.എസ്)

കെ3-35968/17

തീയതി-08/ 02/20109

വിഷയം: പൊന്നുംവില - പരശുവയ്ക്കൽ വില്ലേജിൽ വാട്ടർ അതോറിറ്റിയ്ക്കുവേണ്ടി വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണത്തിനായുള്ള പൊന്നുംവില നടപടിയുടെ സാമൂഹിക ആഘാതപഠനം പൂർത്തിയാക്കിയതിന്റെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിന് അനുമതി നൽതികൊണ്ട് സമുചിത സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നത് - ഉത്തരവാകുന്നത് -സംബന്ധിച്ച്.

സൂചന: 1. 07/02/2018-ലെ 311 നമ്പർ ഗസറ്റ് വിജ്ഞാപനം
2.29/06/2016-ാം തീയതിയിലെ ജി.ഒ.(പി).376/2016/ആർഡി നമ്പർ സർക്കാർ ഉത്തരവ്
3.വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട്

നെയ്യാറ്റിൻകര താലൂക്കിൽ പരശുവയ്ക്കൽ വില്ലേജിൽ വാട്ടർ അതോറിറ്റിയ്ക്കുവേണ്ടി വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നതിന് കേരളാ വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ അർത്ഥന സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ജില്ലാതല എസ്.ഐ.എ ഏജൻസിയായ ശ്രീമതി.രശ്മി.എസ്.കെ, വിജെടി, കുഴിയംവിള, കല്ലിയൂർ പി.ഒ, തിരുവനന്തപുരം സമർപ്പിച്ച The Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013 അധ്യായം 2 എ പ്രകാരമുള്ള സാമൂഹിക ആഘാതപഠന റിപ്പോർട്ട് ടി നിയമത്തിലെ 7-ാം വകുപ്പ് പ്രകാരം വിദഗ്ദ്ധ സമിതി വിലയിരുത്തി 6-ാം ഉപവകുപ്പ് അനുശാസിക്കും വിധം പ്രസിദ്ധികരിച്ചിട്ടുള്ളതാണ്. 200 ആർ വരെയുള്ള ഏറ്റെടുക്കൽ നടപടികളിൽ സമുചിത സർക്കാർ ആയി ജില്ലാകളക്ടറെ സൂചന(3) ചുമതലപ്പെടുത്തിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള നിർദ്ദേശങ്ങളും സാമൂഹിക ആഘാതറിപ്പോർട്ടും വിദഗ്ദ്ധ സമിതിയുടെ വിലയിരുത്തലും ടി നിയമത്തിലെ 8-ാം വകുപ്പ് പ്രകാരം വിശദമായി പരിശോധിച്ചതിൽ നിർദ്ദിഷ്ട പദ്ധതി പൊതു ആവശ്യത്തിന് ഉൾപ്പെട്ട് വരുന്നതാണെന്നും ആയതിന്റെ നേട്ടങ്ങളും ആവശ്യകതയും സാമൂഹിക അസൗകര്യങ്ങളെയും ആഘാതങ്ങളെയും അപേക്ഷിച്ചു വളരെ കൂടുതലാണെന്നും ബോദ്ധ്യമായിരിക്കുന്നു. പ്രസ്തുത ഭൂമി പദ്ധതിക്ക് അനുയോജ്യമായതിനാലും മറ്റ് ബദൽ മാർഗ്ഗങ്ങൾ പ്രയോഗികമല്ലാത്തിനാലും ഈ പദ്ധതി പൊതുജനങ്ങൾക്ക് അത്യന്താപേക്ഷിതമാതമായതിനാലും അർത്ഥന പ്രകാരം ആവശ്യപ്പെട്ടിരിക്കുന്ന

ഏകദേശം 81 ആർ ഭൂമി പദ്ധതിയ്ക്കാവശ്യമായ ചുരുങ്ങിയ വിസ്തീർണ്ണം മാത്രമാണെന്നതിനാലും ടി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി തുടരുന്നതിന് തീരുമാനിച്ചിരിക്കുന്നു. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 അനുസരിച്ചുള്ള തുടർനടപടികൾക്ക് അനുവാദം നൽകി ഇതിനാൽ ഉത്തരവാകുന്നു.

ഒപ്പ്
ജില്ലാകളക്ടർ

(1) അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യു വകുപ്പ്(ആമുഖ കത്ത് സഹിതം)
(2) എക്സിക്യൂട്ടീവ് എഞ്ചിനീയർ
പ്രോജക്ട് ഡിവിഷൻ, കേരളാ വാട്ടർ അതോറിറ്റി
തിരുവനന്തപുരം.
(3) സ്പെഷ്യൽ തഹസിൽദാർ, എൽ.എ ജനറൽ, തിരുവനന്തപുരം(നിയമം അനുശാസിക്കുന്ന സ്ഥലങ്ങളിൽ പരസ്യപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.)
(4) എൻ.ഐ.സി ആഫീസർക്ക് - സർക്കാർ വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിന്
(5) സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

ഡെപ്യൂട്ടികളക്ടർ(എൽ.എ)